2156
23/2/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 2013 - 2014 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.91/2015/സാനീവ തിരുവനന്തപുരം, തീയതി 18.02.2015

================================================================================

പരാമർശം : (1) 11/10/2013 ലെ സ.ഉ.(സാധാ) നം. 512/13/സാനീവ ഉത്തരവ്.
(2) 11/10/13 ലെ സ.ഉ.(സാധാ) നം. 510/13/സാനീവ. ഉത്തരവ്.
(3) 7/01/14 ലെ സ.ഉ.(സാധാ) നം. 23/14/സാനീവ ഉത്തരവ്.
(4) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 9/6/14 ലെ എഫ്5- 28096/ 2013 (2) നം. കത്ത്

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2013 -2014 സാമ്പത്തിക വർഷത്തിൽ, പരാമർശം 1, 2 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ 50% തുക നിർമ്മാണ ഏജൻസിയായ KLDC ക്ക് നൽകിയതായും ബാക്കി നൽകാനുള്ള തുകയായ 34.5 ലക്ഷം രൂപയും പരാമർശം 3 പ്രകാരം ഭരണാനുമതി നൽകിയ ടോട്ടൽ സ്റ്റേഷൻ സർവ്വേക്കുള്ള 12 ലക്ഷം രൂപയും കൂടി ആകെ 46.5 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-96 (പി) എന്ന ശീർഷകത്തിൽ ലഭ്യമായ 500 ലക്ഷം രൂപയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 4 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് . പ്രകാരമുള്ള 'ഭരണസംവിധാനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കണമെന്നുമുള്ള വ്യവസ്ഥയിൽ 2014-2015 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റിലെ 2235-02-001-96 (പി) ഭരണസംവിധാനം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ വകയിരുത്തിയ 500 ലക്ഷം രൂപയിൽ നിന്നും വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി KLDC ക്ക് നൽകാനുള്ള 34.5 ലക്ഷം രൂപയും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിനായുള്ള 12 ലക്ഷം രൂപയും കൂടി ആകെ 46.5 ലക്ഷം രൂപ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (81766/WW3/14/Fin നം. ഫയൽ പ്രകാരം)

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (17743/എ 2/14/Plg നം ഫയൽ പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ